REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 14-07-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **വർദ്ധിച്ചുവരുന്ന സൈബർ ആക്രമണങ്ങളെ ചെറുക്കുന്നതിന് സുസജ്ജമായ സൈബർ സുരക്ഷാ സംവിധാനം ആവശ്യമാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ.**
- **കഴിഞ്ഞ നാല് വർഷം കൊണ്ട് എട്ട് കോടി തൊഴിലവസരങ്ങൾ സൃഷ്ടിച്ചതോടെ തൊഴിലില്ലായ്മയെക്കുറിച്ച് കള്ളക്കഥകൾ പ്രചരിപ്പിക്കുന്നവർ, നിശബ്ദരായെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **കേന്ദ്ര സഹ മന്ത്രി ജോർജ് കുര്യൻ ഇന്ന്  കോഴിക്കോട് ജില്ലയിലെ വിവിധ പരിപാടികളിൽ പങ്കെടുക്കും.**
- **യൂറോ കപ്പ് ഫുട്ബോൾ ഫൈനലിൽ ഇന്ന്  സ്പെയിൻ ഇംഗ്ലണ്ട് പോരാട്ടം.**
- **T-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ വൈകിട്ട് ഇന്ത്യ - സിംബാബ്‌വെയെ നേരിടും.**

## വാർത്തകൾ വിശദമായി

**സുരക്ഷിതമായ ഡിജിറ്റൽ അന്തരീക്ഷം, നവീകരണത്തെ പ്രോത്സാഹിപ്പിക്കുകയും, നിക്ഷേപങ്ങൾ  ആകർഷിക്കുകയും സാമ്പത്തിക പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പറഞ്ഞു. ന്യൂ ഡൽഹിയിൽ ഗ്ലോബൽ കൗണ്ടർ ടെററിസം കൗൺസിൽ**

സംഘടിപ്പിച്ച മൂന്നാമത് സൈബർ സെക്യൂരിറ്റി കോൺഫറൻസിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

ഡെസ്ക് റിപ്പോർട്ട്

...........വോയ്സ്.........

വർദ്ധിച്ചുവരുന്ന സൈബർ ആക്രമണങ്ങളെ ചെറുക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന, സുസജ്ജമായ സൈബർ സുരക്ഷാ സംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഉപരാഷ്ട്രപതി ഓർമ്മിപ്പിച്ചു.

മുന്നേറ്റങ്ങളെ തടസ്സപ്പെടുത്തുന്ന സാങ്കേതികവിദ്യകൾ സജീവമാണെന്നും അവ ഉയർത്തുന്ന വെല്ലുവിളികളെ അവസരങ്ങളാക്കി മാറ്റണമെന്നും ഉപരാഷ്ട്രപതി പറഞ്ഞു. രാജ്യത്തിന്റെ സുരക്ഷയുമായി ഇത് കാര്യമായി ബന്ധപ്പെട്ടിരിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ ഡിജിറ്റൽ സമൂഹങ്ങളിലൊന്നാണ് ഭാരതമെന്നും രാജ്യത്ത് 820 ദശലക്ഷത്തിലധികം സജീവ ഇന്റർനെറ്റ് ഉപയോക്താക്കളുണ്ടെന്നും, കഴിഞ്ഞ വർഷം ആഗോള ഡിജിറ്റൽ ഇടപാടുകളുടെ 50 ശതമാനവും രാജ്യത്താണ് നടന്നതെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

സൈബർ കുറ്റകൃത്യങ്ങൾക്ക് ഇരയായവർക്ക്, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ, നിയമസഹായം നൽകേണ്ടതിന്റെ ആവശ്യകതയും ഉപരാഷ്ട്രപതി ഓർമ്മിപ്പിച്ചു. രാജ്യത്ത്

ഡിജിറ്റൽ നുഴഞ്ഞുകയറ്റം വർധിക്കുന്നതായും അതിനെ നേരിടാൻ സാങ്കേതികവും മാനുഷികവുമായ വൈദഗ്ധ്യം വികസിപ്പിക്കണമെന്നുംഉപരാഷ്ട്രപതി, ആവശ്യപ്പെട്ടു.

✪✪✪

കഴിഞ്ഞ നാല് വർഷം കൊണ്ട് എട്ട് കോടി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചത്, തൊഴിലില്ലായ്മയെക്കുറിച്ച് കള്ളക്കഥകൾ പ്രചരിപ്പിക്കുന്നവരെ, നിശബ്ദരാക്കിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിപ്രായപ്പെട്ടു. തൊഴിലവസരങ്ങളെക്കുറിച്ച് അടുത്തകാലത്ത് പുറത്തുവന്ന റിസർവ് ബാങ്ക് റിപ്പോർട്ടിൽ, രാജ്യത്ത് നൈപുണ്യ വികസനവും തൊഴിലവസരവും ആവശ്യമാണെന്ന് കാണിക്കുന്നതായി അദ്ദേഹം പറഞ്ഞു. ഗവൺമെന്റ് ഈ ദിശയിലാണ് പ്രവർത്തിക്കുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

മുംബൈയിലെ ഗോരേഗാവ് നഗരപ്രാന്തത്തിൽ റോഡ്, റെയിൽവേ, തുറമുഖ മേഖലകളിലായി 29,000 കോടി രൂപയുടെ പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിച്ച് സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. വ്യാജ പ്രചാരണം നടത്തുന്നവർ അടിസ്ഥാന സൗകര്യ വികസനത്തിന്റെയും രാജ്യത്തിന്റെ വളർച്ചയുടെയും നിക്ഷേപത്തിന്റെയും ശത്രുക്കളാണെന്നും പ്രധാനമന്ത്രി പറഞ്ഞു. 10 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ദഹാനുവിലെ 76,000 കോടി രൂപയുടെ വധ്-വാൻ തുറമുഖത്തിന് കേന്ദ്രം അനുമതി നൽകിയിട്ടുണ്ടെന്നും നരേന്ദ്രമോദി പറഞ്ഞു.

✪✪✪

പൗര സൗഹൃദ സംരഭങ്ങൾ നടപ്പാക്കുന്നതിൽ മാധ്യമങ്ങൾ ഗവൺമെന്റിനെ പിന്തുണയ്ക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. "അമ്മയുടെ പേരിൽ ഒരു മരം" എന്ന പരിസ്ഥിതി സംരക്ഷണ പരിപാടിയ്ക്ക് ആഗോള തലത്തിൽ വൻ സ്വീകാര്യത ലഭിച്ചിട്ടുണ്ടെന്നും അത് ജനകീയ പ്രസ്ഥാനമാക്കി മാറ്റാൻ മാധ്യമങ്ങൾക്ക് വളരെയേറെ സഹായിക്കാൻ കഴിയുമെന്നും അദ്ദേഹം വ്യക്തമാക്കി. ജനങ്ങളെ സ്വന്തം ശക്തിയെക്കുറിച്ച് ബോധ്യപ്പെടുത്താൻ മാധ്യമങ്ങൾക്ക് കഴിയും. വികസിത ഭാരത ലക്ഷ്യത്തോടെ അടുത്ത 25 വർഷത്തെ യാത്രയിൽ പത്രങ്ങൾക്കും മാസികകൾക്കും നിർണായക പങ്കുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

മുംബൈയിൽ ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റി ടവേഴ്സ് ബാന്ദ്ര - കുർള സമുച്ചയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. മാധ്യമ സ്ഥാപനങ്ങൾ രാജ്യാന്തര ഭാഷയിലൂടെ ഡിജിറ്റൽ എഡിഷനുകൾ പ്രസിദ്ധീകരിച്ച് ഇന്ത്യയുടെ ലക്ഷ്യങ്ങൾ ആഗോള തലത്തിലേക്ക് കൊണ്ടുവരണമെന്നും പ്രധാനമന്ത്രി ആവശ്യപ്പെട്ടു.

ജമ്മു കശ്മീർ ലഫ്റ്റനന്റ് ഗവർണർക്ക് കേന്ദ്രഗവണ്മെന്റ് കൂടുതൽ അധികാരം നൽകി. കേന്ദ്ര ആഭ്യന്തര മന്ത്രാലയം ജമ്മു കശ്മീർ പുനഃസംഘടന നിയമം 2019 ഭേദഗതി ചെയ്താണ് ലഫ്റ്റനന്റ് ഗവർണറുടെ അധികാരം വർദ്ധിപ്പിച്ചത്. അഖിലേന്ത്യാ സർവീസ് ഓഫീസർമാരുടെയും പോലീസ്

ഉദ്യോഗസ്ഥരുടെയും ജുഡീഷ്യൽ ഓഫീസർമാരുടെയും നിയമനം, സ്ഥലമാറ്റം എന്നിവയിൽ ഇതോടെ ലഫ്റ്റനന്റ് ഗവർണർക്ക് കൂടുതൽ അധികാരം ലഭിക്കും.

✪✪✪

പെൻസിൽവാനിയയിലെ ബട്ലറിൽ റാലിക്കിടെയുണ്ടായ വെടിവെപ്പിൽ മുൻ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന് പരിക്കേറ്റു. ഇന്നലെ രാത്രിയുണ്ടായ വെടിവയ്പിൽ ഒരു തോക്കുധാരി കൊല്ലപ്പെട്ടു. മറ്റൊരാളുടെ നില ഗുരുതരമാണ്. ട്രംപ് സുരക്ഷിതനാണെന്ന് രഹസ്യാന്വേഷണ വിഭാഗം അറിയിച്ചു. പ്രസിഡന്റ് ജോ ബൈഡൻ അക്രമത്തെ അപലപിച്ചു.

✪✪✪

കേന്ദ്ര സഹ മന്ത്രി ജോർജ് കുര്യൻ ഇന്ന് കോഴിക്കോട് ജില്ലയിലെ വിവിധ പരിപാടികളിൽ സംബന്ധിക്കും. രാവിലെ മാറാട് സന്ദർശിക്കുന്ന അദ്ദേഹം തുടർന്ന് BJP ജില്ലാ കമ്മറ്റിയുടെ സ്വീകരണ യോഗത്തിൽ പങ്കെടുക്കും. വൈകീട്ട് പുതിയാപ്പയിൽ മത്സ്യ പ്രവർത്തക സംഗമത്തിലും ജന്മഭൂമി ദിനപത്രത്തിന്റെ അൻപതാം വാർഷികാഘോഷത്തിന്റെ ഭാഗമായ 'Fire side Chat with Sri George Kurian' പരിപാടിയിലും സംബന്ധിക്കും.

✪✪✪

ഫ്രാൻസിസ്കൻ കപ്പൂച്ചിൻ സഭയുടെ പാവനാത്മാ പ്രോവിൻസ് അംഗവും കേരള കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ

തുടക്കക്കാരിൽ പ്രധാനിയുമായ പുണ്യശ്ലോകൻ ഫാദർ ആർമണ്ട് മാധവത്തച്ചനെ ദൈവദാസനായി പ്രഖ്യാപിച്ചു.

കണ്ണൂർ ഇരിട്ടി വിമലഗിരി ധ്യാനകേന്ദ്രത്തിൽ തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംബ്ളാനിയാണ് പ്രഖ്യാപനം നടത്തിയത്. തുടർന്ന് പൊതുസമ്മേളനം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. മതത്തിനും വിശ്വാസത്തിനും അതീതമായി എല്ലാവരെയും സ്നേഹിക്കുകയെന്നത് ജീവിതത്തിൽ പരമപ്രധാനമാണെന്ന് അദ്ദേഹം പറഞ്ഞു.

BJP ദേശീയ സമിതിയംഗം C.K. പദ്മനാഭനെ വീട്ടിലെത്തി ജോർജ് കുര്യൻ സന്ദർശിച്ചു.

✪✪✪

യൂറോ കപ്പ് ഫുട്ബോൾ ഫൈനലിൽ ഇന്ന് സ്പെയിൻ ഇംഗ്ലണ്ട് പോരാട്ടം. ബെർലിനിലെ ഒളിമ്പിക് സ്റ്റേഡിയത്തിൽ രാത്രി 12.30 നാണു മത്സരം. നാലാം കിരീടം ലക്ഷ്യമിട്ടാണ് സ്പെയിൻ കളത്തിലിറങ്ങുന്നതെങ്കിൽ കഴിഞ്ഞ തവണ നഷ്ടമായ കിരീടം സ്വന്തമാക്കാനാണ് ഇംഗ്ലണ്ട് മത്സരിക്കുന്നത്. കഴിഞ്ഞ സീസണിലെ റണ്ണർ അപ് ഇംഗ്ലണ്ടും മൂന്നു തവണ ജേതാക്കളായ സ്പെയിനും യൂറോ കപ്പ് കിരീടത്തിനായി പോരാടുമ്പോൾ ഗ്രൗണ്ടിൽ തീപാറുമെന്നുറപ്പ്.

✪✪✪

വിംബിൾഡൺ ടെന്നീസ് സിംഗിൾസ് വനിതാ കിരീടം ചെക് താരം ബാർബൊറ ക്രജികോവ-ക്ക്. 31-ാം സീഡായ ബാർബൊറ ഏഴാം സീഡ് ഇറ്റലിയുടെ ജാസ്മിൻ

പൗളീനിയെയാണ് ഫൈനലിൽ തോൽപ്പിച്ചത്. ക്രജികോവയുടെ രണ്ടാം ഗ്രാൻഡ്സ്ലാം വിജയമാണിത്.

ഇന്ന് പുരുഷ സിംഗിൾസ് ഫൈനലിൽ ഇപ്പോഴത്തെ ചാമ്പ്യൻ കാർലോസ് അൽകാരസ്, മുൻ ചാമ്പ്യൻ നൊവാക് ജോകോവിച്ചിനെ നേരിടും.

✪✪✪

ഈ വർഷത്തെ ലജന്റ്സ് ക്രിക്കറ്റ് ലോക ചാമ്പ്യൻഷിപ്പ് പാക്കിസ്ഥാനെ തോൽപ്പിച്ച് ഇന്ത്യ സ്വന്തമാക്കി. ബെർമിംഗ്ഹാമിൽ 157 റൺസ് വിജയ ലക്ഷ്യവുമായി കളിച്ച ഇന്ത്യ അഞ്ച് വിക്കറ്റ് ശേഷിക്കെ വിജയം കൈയ്യിലൊതുക്കി. യുവരാജ് സിംഗാണ് ടീമിനെ നയിച്ചത്. അമ്പട്ടി റായിഡുവിന്റെ അർദ്ധ സെഞ്ചുറിയും ഗുർ കീർത്ത്മാന്റെ 34 റൺസും യൂസഫ് പത്താന്റെ 30 റൺസുമാണ് വിജയത്തിന് വഴിയൊരുക്കിയത്. അമ്പട്ടി റായിഡുവിനെ പ്ലെയർ ഓഫ് ദ മാച്ചായും യൂസഫ് പത്താനെ പ്ലെയർ ഓഫ് ദ സീരീസായും തെരഞ്ഞെടുത്തു.

✪✪✪

അഞ്ച് മത്സര T-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ വൈകിട്ട് ഇന്ത്യ - സിംബാബ്‌വെയെ നേരിടും. ഹരാരെ സ്പോർട്സ് ക്ലബ്ബിൽ ഇന്ത്യൻ സമയം വൈകിട്ട് അഞ്ചരയ്ക്ക് മത്സരം തുടങ്ങും. ഒന്നിനെതിരെ മൂന്ന് വിജയം നേടി പരമ്പര ഇതിനകം ഇന്ത്യ സ്വന്തമാക്കിയിട്ടുണ്ട്.

ഇന്നലെ നാലാം മത്സരത്തിൽ പത്ത് വിക്കറ്റിന് സിംബാബ്‌വെയെ തകർത്താണ് ഇന്ത്യ ആധികാരിക വിജയം നേടിയത്.

✪✪✪

ഹംഗറിയിലെ ബുഡാപെസ്റ്റ് ചെസ്സ് ഒളിമ്പ്യാഡിൽ പങ്കെടുക്കുന്ന ഇന്ത്യൻ ടീമിനെ അഖിലേന്ത്യാ ചെസ്സ് ഫെഡറേഷൻ പ്രസിഡന്റ് നിതിൻ നാരംഗ് പ്രഖ്യാപിച്ചു.

D.ഗുകേഷും R.പ്രഗ്നാനന്ദയ്ക്കും പുറമെ അർജുൻ എറിഗൈസി, വിദിത് ഗുജറാത്തി, ഹരികൃഷ്ണ പെന്റാല, എന്നിവർ ടീമിലുണ്ട്. വനിതാ ടീമിൽ ഹരിക ദ്രോണവല്ലി, വൈശാലി രമേഷ്ബാബു, ദിവ്യ ദേശ്മുഖ്, വന്തിക അഗർവാൾ, താനിയ സച്ച്ദേവ് എന്നിവർ ഉൾപ്പെടുന്നു.

✪✪✪

സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. അതിതീവ്ര മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രത നിർദേശവുമുണ്ട്.

✪✪✪

PSC വിവാദത്തിൽ പ്രമോദ് കോട്ടൂളിക്കെതിരെ മാത്രം നടപടിയെടുത്ത് CPIM-ലെ വമ്പൻ സ്രാവുകളെ രക്ഷപ്പെടാൻ അനുവദിക്കില്ലെന്ന് BJP ജില്ലാ പ്രസിഡന്റ് V.K.സജീവൻ പറഞ്ഞു. ആദ്യം ആരോപണം നിഷേധിച്ചവർ തന്നെ ഇപ്പോൾ പ്രമോദിനെ പുറത്താക്കിയിരിക്കുകയാണെന്ന് അദ്ദേഹം കോഴിക്കോട്ട് കുറ്റപ്പെടുത്തി.

ആരോപണ വിധേയനെ പുറത്താക്കി തടി തപ്പാനാണ് CPIM ശ്രമിക്കുന്നതെന്ന് യുവമോർച്ച സംസ്ഥാന പ്രസിഡന്റ് പ്രഫുൽ കൃഷ്ണനും കുറ്റപ്പെടുത്തി.

ഇന്നലെയാണ് പാർട്ടിയുടെ സൽപ്പേരിന് കളങ്കമുണ്ടാക്കിയെന്നും അച്ചടക്ക വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവെന്നും കാണിച്ച് പ്രമോദിനെ CPIM പ്രാഥമിക അംഗത്വത്തിൽ നിന്ന് ജില്ലാ കമ്മറ്റി പുറത്താക്കിയത്.

✪✪✪

തിരുവനന്തപുരം തമ്പാനൂരിൽ റെയിൽവേ സ്റ്റേഷനു സമീപം ആമയിഴഞ്ചാൻ തോട്ടിലെ മാലിന്യം നീക്കുന്നതിനിടെ കാണാതായ ശുചീകരണ തൊഴിലാളിയ്ക്കായി തിരച്ചിൽ പുനഃരാരംഭിച്ചു. ഇന്നലെ രാവിലെ പതിനൊന്നു മണിയോടെ ഒഴുക്കിൽ പെട്ട് കാണാതായ കരാർ തൊഴിലാളി ജോയിയ്ക്കു വേണ്ടി അർദ്ധരാത്രി വരെ തിരച്ചിൽ നടത്തിയിരുന്നു.

✪✪✪

SFI-ക്കാരെ കൊല്ലാൻ ശ്രമിച്ച കേസിലെ പ്രതികളെ ഹാരമണിയിച്ച് സ്വീകരിച്ചത് പാർട്ടി നിലപാടാണോയെന്ന് ആരോഗ്യമന്ത്രി വ്യക്തമാക്കണമെന്ന് പ്രതിപക്ഷ നേതാവ് V.D. സതീശൻ ആവശ്യപ്പെട്ടു. പത്തനംതിട്ടയിൽ മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ പാർട്ടിയിലേക്ക് സ്വീകരിച്ചവരിൽ കൊലക്കേസ് പ്രതികളും ലഹരി കടത്ത് കേസിലെ പ്രതികളുമാണെന്ന് സതീശൻ തിരുവനന്തപുരത്ത് പ്രസ്താവനയിൽ കുറ്റപ്പെടുത്തി.

✪✪✪

നവ ഇന്ത്യ സാക്ഷരതാ പരിപാടിയുടെ ഭാഗമായി കേന്ദ്ര - സംസ്ഥാന ഗവർമെന്റുകളുടെ ആഭിമുഖ്യത്തിൽ സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പാക്കുന്ന ഉല്ലാസ് മേളയ്ക്ക് ഇന്ന് തിരുവനന്തപുരം നിശാഗന്ധിയിൽ തുടക്കമാകും. രണ്ട് ദിവസത്തെ മേള, മന്ത്രി V. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും.

✪✪✪

കാസർകോട് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ഇന്ന് ജനകീയ ശുചിത്വ ആരോഗ്യ ക്യാമ്പയിൻ സംഘടിപ്പിക്കും. പൊതുജനാരോഗ്യ വകുപ്പിന്റെ പിന്തുണയോടെ ജീവനക്കാർ, ആശാവർക്കർമാർ തുടങ്ങിയവർ ഗൃഹസന്ദർശനത്തിലൂടെ ശുചിത്വ പരിശോധന നടത്തി നിർദ്ദേശങ്ങൾ നൽകും.

✪✪✪